പഠനം ◆ കെ.ടി ഹുസൈൻ

# ഖാദി മുഹമ്മദ്
## പോരാട്ടം, കവിത

**16-ാം** നൂറ്റാണ്ടിൽ കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിനെതിരെ പോരാടുകയും യുദ്ധകാവ്യം കൊണ്ട് സാമ്രാജ്യത്വവിരുദ്ധ സമരത്തെ പ്രചോദിപ്പിക്കുകയും ചെയ്ത സർഗധനനായ പോരാളിയാണ് കോഴിക്കോട്ടുകാരനായ ഖാദി മുഹമ്മദ്.

കോഴിക്കോട്ടെ പ്രശസ്തമായ ഖാദി കുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജനനം. മലബാർ തീരം കേന്ദ്രീകരിച്ച് മുസ്‌ലിം സമൂഹം രൂപമെടുത്ത കാലം തൊട്ടേ ഈ കുടുംബക്കാരാണ് കോഴിക്കോട്ടെ ഖാദിപദം അലങ്കരിച്ചിരുന്നത്. സാമൂതിരിയുടെ അടുക്കൽ ഇവർക്ക് പ്രത്യേക സ്ഥാനവും പരിഗണനയും ഉണ്ടായിരുന്നു. മുസ്‌ലിംകളുടെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പ്രശ്നങ്ങളിലെല്ലാം ഇവരുമായി കൂടിയാലോചിച്ചതിനു ശേഷമാണ് സാമൂതിരി തീരുമാനമെടുത്തിരുന്നത്.

ഖാദി കുടുംബത്തിന്റെ വേരുകൾ അൻസ്വാരി സ്വഹാബിമാരിലൊരാളായ മാലികുബ്നു മുഹമ്മദിൽ എത്തിച്ചേരുന്നതായി പറയപ്പെട്ടിട്ടുണ്ട്.

ഖാദി മുഹമ്മദിന്റെ പിതാവ് അബ്ദുൽ അസീസ് പണ്ഡിതനും ഖാദിയും എന്നതിലുപരി യുദ്ധനിപുണനും രാഷ്ട്രീയ തന്ത്രജ്ഞനുമായിട്ടാണ് ഖ്യാതി നേടിയത്. പോർച്ചുഗീസ് ആക്രമണകാരികളുമായി നടന്ന ചാലിയം യുദ്ധത്തിൽ സാമൂതിരിയുടെ സൈന്യം പരാജയം മുഖാമുഖം കണ്ട സന്ദർഭത്തിൽ സാമൂതിരിയുടെ മാതാവിന്റെ അഭ്യർഥനയെ തുടർന്ന് യുദ്ധതന്ത്രങ്ങൾ പുനരവലോകനം ചെയ്യാനായി കോഴിക്കോട് കുറ്റിച്ചിറ മിശ്കാൽ പള്ളിയിൽ ചേർന്ന കൂടിയാലോചനാ യോഗത്തിൽ പങ്കെടുത്ത മുസ്‌ലിംപ്രമുഖരിൽ ഒരാൾ ഖാദി അബ്ദുൽ അസീസായിരുന്നു. ഇദ്ദേഹത്തെ കൂടാതെ വീരയോദ്ധാക്കളായ കുഞ്ഞാലി മരക്കാർ, കാമാക്കാന്റകത്ത് സീതി അഹ്മദ്, സ്വൂഫിയായ ശൈഖ് അബുൽ വഫാ ശംസുദ്ദീൻ എന്ന ശൈഖ് മാമുക്കോയ, പൊന്നാനിയിലെ മഖ്ദൂം ശൈഖ് അബ്ദുൽ അസീസ്, വർത്തകപ്രമാണിയും തുറമുഖാധിപനുമായിരുന്ന ഷാ ബന്ദർ ഉമർ അതാബി തുടങ്ങിയ മുസ്‌ലിം പ്രമുഖരും സാമൂതിരിയുടെ ഏതാനും ഹിന്ദു ഉദ്യോഗസ്ഥരുമാണ് പള്ളിയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ സംബന്ധിച്ചത്. ചാലിയം യുദ്ധത്തിന്റെ ഗതി തിരിച്ചുവിട്ട നിർണായക യോഗമായിരുന്നു അത്. തന്റെ പടയാളികൾ കൂട്ടം കൂട്ടമായി യുദ്ധത്തിൽ മരിച്ചുവീഴുന്നതിനും തന്റെ ചില മിത്രങ്ങൾ ശത്രുക്കളുമായി ബന്ധപ്പെടുന്നതിനും സാക്ഷിയായ സാമൂതിരി പറങ്കികളുമായി എങ്ങനെയെങ്കിലും സന്ധി ചെയ്ത് യുദ്ധം അവസാനിപ്പിക്കാനുള്ള മാർഗങ്ങൾ ആരായുന്നതിനിടയിൽ ചേർന്ന ഈ യോഗമാണ് പോർച്ചുഗീസുകാരുമായി സന്ധിയാകുന്നതിലെ അപകടം ബോധ്യപ്പെടുത്തി യുദ്ധരംഗത്ത് ഉറച്ചുനിൽക്കാൻ സാമൂതിരിക്ക് ആത്മവിശ്വാസവും ധൈര്യവും നൽകിയത്. ഈ കൂടിയാലോചനാ യോഗത്തിലും തുടർന്ന് നടന്ന പോരാട്ടത്തിലും പ്രകടമായ ഹിന്ദു-മുസ്‌ലിം ഐക്യം കേരളീയ സമൂഹത്തിന് എക്കാലത്തും മികച്ച മാതൃകയാണ്. അക്രമികളായ പോർച്ചുഗീസുകാരുമായി ഒരിക്കലും സന്ധിക്ക് തയാറല്ലെന്നും തങ്ങളുടെ പക്ഷത്തുള്ള അവസാനത്തെയാളും മരിച്ചുവീഴുന്നതുവരെ അവരോട് പോരാടുമെന്നും മുസ്‌ലിം നേതാക്കളും പോരാളികളും ധീരമായി പ്രഖ്യാപിച്ചപ്പോൾ തങ്ങളുടെ സഹോദരന്മാരെ മരണത്തിന് വിട്ടുകൊടുത്തുകൊണ്ടുള്ള സ്വസ്ഥ ജീവിതത്തിന് ഒരുക്കമല്ലെന്ന് പ്രഖ്യാപിച്ച് ഹിന്ദു പക്ഷവും മുസ്‌ലിംകളോടൊപ്പം സജീവമായതോടെയാണ് പരാജയപ്പെട്ടുകൊണ്ടിരുന്ന ചാലിയം യുദ്ധം സാമൂതിരി പക്ഷത്തിന്റെ നിർണായക വിജയത്തോടെ പരിസമാപ്തിയിലെത്തിയത്. ഖാദി മുഹമ്മദിന്റെ *ഫത്ഹുൽ മുബീൻ* എന്ന യുദ്ധകാവ്യത്തിൽ ഈ വിജയവും അതിന് നിദാനമായ ഹിന്ദു-മുസ്‌ലിം ഐക്യവും ഹൃദയഹാരിയായ രീതിയിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. നിർണായകമായ ഒരു രാഷ്ട്രീയ കൂടിയാലോചന പള്ളിയിൽ നടത്തിയതും ഹിന്ദു പ്രമുഖന്മാരെ അതിൽ പങ്കെടുപ്പിച്ചതും ആരാധനാലയമെന്നതിനോടൊപ്പം സാമൂഹിക-രാഷ്ട്രീയ ജീവിതത്തെ ചിട്ടപ്പെടുത്തുന്ന സാംസ്കാരിക കേന്ദ്രം എന്ന നിലയിൽ കൂടിയാണ് നമ്മുടെ പൂർവിക പണ്ഡിതന്മാർ പള്ളികളെ കണ്ടിരുന്നത് എന്നതിന്റെ തെളിവാണ്.

ഖാദി മുഹമ്മദിന്റെ വിദ്യാഭ്യാസം ആരംഭിച്ചത് പിതാവിൽനിന്നുതന്നെയാണ്. പിന്നീട് അല്ലാമാ ഉസ്മാൻ ലിബാ അൽഖാഹിരി, ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം തുടങ്ങിയവരിൽനിന്ന് വിവിധ വിജ്ഞാനശാഖകളിൽ പ്രാവീണ്യം നേടി. ഹദീസ്, തഫ്സീർ, ഫിഖ്ഹ്, ഫിഖ്ഹ് മീമാംസ, തത്ത്വശാസ്ത്രം, ഗോളശാസ്ത്രം, ജ്യോതിശാസ്ത്രം, ഖിബ്‌ല നിർണയം തുടങ്ങിയവയിലെല്ലാം അദ്ദേഹത്തിന് അവഗാഹമുണ്ടായിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

### പോർക്കളത്തിൽ

കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിന്റെ അടിത്തറ തകർത്ത 1571-ലെ ചാലിയം യുദ്ധം നടക്കുമ്പോൾ ഖാദി മുഹമ്മദ് യുവാവായിരുന്നു. അധിനിവേശവിരുദ്ധ വികാരം പിതാവിൽനിന്ന് പകർന്നുകിട്ടിയ അദ്ദേഹത്തിന് പ്രസ്തുത യുദ്ധത്തെ കേവലം കാഴ്ചക്കാരനായി നോക്കിനിൽക്കാൻ സാധിച്ചില്ല. തന്റെ പിതാവടക്കമുള്ള മതപണ്ഡിതന്മാരോടൊപ്പം ആയുധമെടുത്ത് അദ്ദേഹവും പറങ്കികൾക്കെതിരെ പോർക്കളത്തിലിറങ്ങി. പിതാവ് ചാലിയം യുദ്ധത്തിന്റെ പ്രധാന ആസൂത്രകരിൽ ഒരാളായിരുന്നുവെങ്കിൽ മകൻ യുദ്ധത്തിലെ മുന്നണിപ്പോരാളികളിലൊരാളായിരുന്നു.

### ഫത്ഹുൽ മുബീൻ

ഖാദി മുഹമ്മദിന്റെ നേരിട്ടുള്ള ഈ യുദ്ധപങ്കാളിത്തത്തിന്റെ പ്രാധാന്യം ഒട്ടും കുറവല്ലെങ്കിലും കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തിന് അദ്ദേഹത്തിന്റെ മഹത്തരവും സുപ്രധാനവുമായ സംഭാവന *ഫത്ഹുൽ മുബീൻ* എന്ന യുദ്ധകാവ്യമാണ്. സാമൂതിരിയും മുസ്‌ലിംകളും ചേർന്ന് മലബാർ തീരത്തെ പോർച്ചുഗീസുകാരുടെ തന്ത്രപ്രധാന കേന്ദ്രമായ ചാലിയംകോട്ട ജയിച്ചടക്കിയ ഐതിഹാസിക സംഭവത്തിന്റെ വിവരണമാണ് 517 വരികളുള്ള ഈ അറബികാവ്യത്തിന്റെ പ്രധാന ഉള്ളടക്കമെങ്കിലും വ്യാപാരത്തിലൂടെ കേരളത്തിൽ രാഷ്ട്രീയ മേൽക്കോയ്മ ഉറപ്പിച്ചെടുത്ത പോർച്ചുഗീസ് അധിനിവേശത്തിന്റെ സാമ്പത്തിക- സാംസ്കാരിക പ്രത്യാഘാതങ്ങളിലേക്കും അത് വെളിച്ചം വീശുന്നുണ്ട്. കുരുമുളകിന്റെ

നാടായി അറിയപ്പെട്ട കേരളത്തിൽ പോർച്ചുഗീസുകാരുടെ അധീശത്വം കാരണം കറിയിൽ കൂട്ടാൻ പോലും ഒരു നുള്ള് കുരുമുളക് കിട്ടാനില്ല എന്ന *ഫത്ഹുൽ മുബീനി*ലെ പരിദേവനം കൊളോണിയൽ അധിനിവേശത്തിന്റെ മുഖ്യ സവിശേഷതയായ കുത്തകവത്കരണം ഒരു പ്രദേശത്തെ എപ്രകാരം പാപ്പരാക്കുമെന്നതിന്റെ പ്രധാന സൂചകമാണ്.

വിട്ടുവീഴ്ചയില്ലാത്ത കൊളോണിയൽവിരുദ്ധതയും സാമുദായിക മൈത്രിയുമാണ് ഈ കൃതി പ്രക്ഷേപണം ചെയ്യുന്ന പ്രസക്തമായ ഒരു മൂല്യം. മഖ്ദൂം രണ്ടാമനെ പോലെ ഖാദി മുഹമ്മദും കേരള മുസ്‌ലിംകളെ ആഗോള മുസ്‌ലിം ഉമ്മത്തിന്റെ അവിഭാജ്യ ഘടകമായാണ് സ്ഥാനപ്പെടുത്തുന്നത്. തുർക്കി സുൽത്താനു വേണ്ടി പ്രാർഥിക്കാൻ നിഷ്കർഷിക്കുന്നതിനെ സാമൂതിരിയുടെ മഹത്വങ്ങളിൽ ഒന്നായി *ഫത്ഹുൽ മുബീൻ* എടുത്തുകാട്ടുന്നതിൽനിന്നുതന്നെ ഖാദി മുഹമ്മദിന്റെ ലോകാവബോധം വ്യക്തമാണ്. പക്ഷേ, തുർക്കി സുൽത്താൻ പോർച്ചുഗീസുകാർക്കെതിരെ യുദ്ധം ചെയ്യാൻ നിയോഗിച്ച ഈജിപ്ഷ്യൻ ഗവർണർ സുലൈമാൻ പാഷ യുദ്ധം പാതിവഴിക്ക് ഉപേക്ഷിച്ചതും മുഗൾ ചക്രവർത്തി ഹുമയൂണിനെ ഭയന്ന് ഗുജറാത്തിലെ ബഹദൂർഷാ 1534-ൽ പോർച്ചുഗീസുകാരുമായി സന്ധി ചെയ്തതും സാമൂതിരിയുടെ സഹായാഭ്യർഥനയെ തുടർന്ന് ചൗളിലെ പറങ്കിക്കോട്ട ആക്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ബീജാപ്പൂർ സുൽത്താനെ കുറിച്ച അനാവശ്യ സംശയം കാരണം അഹ്മദ് നഗറിലെ നിളാം ഷാ യുദ്ധമുപേക്ഷിച്ച് പോർച്ചുഗീസുകാരുമായി അനുരഞ്ജനത്തിലായതും ചാലിയം കോട്ടക്കെതിരെ സൈനിക നടപടി സ്വീകരിക്കാൻ സാമൂതിരിക്ക് ആത്മവിശ്വാസവും പ്രചോദനവും അരുളിയ ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷാ സ്വന്തം മന്ത്രിമാരുടെ വഞ്ചനയെ ഭയപ്പെട്ട് പോർച്ചുഗീസുകാരുമായി സന്ധി ചെയ്ത നടപടിയും, എന്തുവന്നാലും മുസ്‌ലിം ഭരണാധികാരികൾ പറങ്കികൾക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ഖാദി മുഹമ്മദിനെ അങ്ങേയറ്റം നിരാശനും രോഷാകുലനുമാക്കുകയുണ്ടായി. മലബാറിലെ മുസ്‌ലിംസമൂഹം ആഗോള മുസ്‌ലിം സാമാജികതയുടെ ഭാഗമാണെന്ന വസ്തുത അംഗീകരിക്കെത്തന്നെ തങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരത്തിന് അകലെയുള്ള സ്വന്തക്കാരേക്കാൾ, അന്യമതക്കാരനാണെങ്കിലും സാമൂതിരിയെ പോലുള്ള അടുത്ത സുഹൃത്തുക്കളെ ആശ്രയിക്കുന്നതാണ് നല്ലത് എന്ന തിരിച്ചറിവിലേക്ക് മുസ്‌ലിംലോകത്ത് നിലനിന്ന ഈ യാഥാർഥ്യങ്ങൾ ഖാദി മുഹമ്മദിനെ നയിക്കുകയുണ്ടായി എന്ന് കരുതാവുന്ന ധാരാളം സൂചനകൾ അദ്ദേഹത്തിന്റെ കാവ്യത്തിലുടനീളം ഓളം വെട്ടുന്നതായി കാണാം. അതിഭാവുകത്വമായും അത്യുക്തിയായും തോന്നുമാറ് അദ്ദേഹം സാമൂതിരിയുടെ ഗുണഗണങ്ങൾ വർണിക്കുന്നതിന്റെയും വാഴ്ത്തുന്നതിന്റെയും അദ്ദേഹത്തിന്റെ ഭരണത്തിലും അധിനിവേശവിരുദ്ധപോരാട്ടത്തിലും നിലനിന്നിരുന്ന ഹിന്ദു-മുസ്‌ലിം മൈത്രിയെ കൊണ്ടാടുന്നതിന്റെയും രാഷ്ട്രീയം ഈയൊരു പരിപ്രേക്ഷ്യത്തിൽ വായിക്കുമ്പോൾ എളുപ്പത്തിൽ മനസ്സിലാക്കാനാകും. സമുദായമൈത്രിയുടെ ഈ ആഘോഷം ഇന്ത്യയെപ്പോലുള്ള ബഹുസ്വര സമൂഹങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ ചെറുത്തുനിൽപുകളുടെ രീതിശാസ്ത്രം നിർണയിക്കുന്നതിൽ വളരെ പ്രധാനവും വിലപ്പെട്ടതുമാണ്. *തുഹ്ഫത്തുൽ മുജാഹിദീൻ* സമർപ്പിക്കപ്പെട്ടത് അലി ആദിൽഷാക്കാണെങ്കിൽ *ഫത്ഹുൽ മുബീൻ* സമർപ്പിക്കപ്പെട്ടത് സാമൂതിരിക്കായിരുന്നുവെന്നതിൽനിന്നുതന്നെ ഖാദി മുഹമ്മദിന്റെ നിലപാട് വ്യക്തമാണ്. *ഫത്ഹുൽ മുബീൻ ലിസ്സാമിരി അല്ലദീ യുഹിബ്ബുൽ മുസ്‌ലിമീൻ* (മുസ്‌ലിംസ്നേഹിയായ സാമൂതിരിക്ക് സമർപ്പിക്കപ്പെട്ട വ്യക്തമായ വിജയം) എന്നാണ് ഈ കാവ്യഗ്രന്ഥത്തിന്റെ മുഴുവൻ പേര്. ചാലിയം യുദ്ധവിജയത്തെയാണ് അദ്ദേഹം 'വ്യക്തമായ വിജയം' എന്ന് വിശേഷിപ്പിക്കുന്നത്. മലബാർ തീരത്തെ പറങ്കിക്കോട്ടയായ ചാലിയത്തിന്റെ തന്ത്രപ്രാധാന്യം മനസ്സിലാക്കുമ്പോഴേ ഇത്തരമൊരു വിശേഷണത്തിന്റെ പൊരുൾ പൂർണമായി പിടികിട്ടുകയുള്ളൂ. സാമൂതിരിയെ സ്വാധീനിച്ചുകൊണ്ട് 1531-ലാണ് പോർച്ചുഗീസുകാർ ചാലിയത്ത് കോട്ട കെട്ടിയത്. വടക്ക് ബേപ്പൂർ പുഴയും തെക്ക് കടലുണ്ടി പുഴയും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്ന ദ്വീപ് പോലെ തോന്നിക്കുന്ന ചാലിയത്തുനിന്ന് കോഴിക്കോട് പട്ടണത്തിലേക്ക് എട്ട് നാഴിക മാത്രമേ ദൂരമുള്ളൂ. അറബിക്കടലിലൂടെയുള്ള മുസ്‌ലിം കച്ചവടക്കാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനും ആക്രമിച്ച് തകർക്കാനും പറ്റിയ സുരക്ഷിത താവളം എന്ന നിലക്കാണ് ചാലിയത്ത് കോട്ട കെട്ടാൻ പോർച്ചുഗീസുകാർ പ്രത്യേകം താൽപര്യമെടുത്തത്.

ചാലിയം കോട്ടയുടെ തന്ത്രപ്രാധാന്യത്തെക്കുറിച്ച് സർദാർ കെ.എം. പണിക്കർ ഇപ്രകാരം എഴുതുന്നു: "ചാലിയം കോട്ട സാമൂതിരിയുടെ ചങ്കിനു നേരെ ചൂണ്ടിയ കൈത്തോക്കാണ്. അത്രയേറെ തന്ത്രപരമായ പ്രാധാന്യമാണതിനുള്ളത്. അത് സാമൂതിരിയുടെ മുഴുവൻ വാണിജ്യത്തെയും ബാധിക്കുന്നതാണ്. കൊച്ചിയുമായി സാമൂതിരി യുദ്ധത്തിനൊരുങ്ങുകയാണെങ്കിൽ അതിനാവശ്യമായ വാർത്താവിനിമയത്തിന് അത് ഭീഷണിയാകും. സാമൂതിരിയുടെ രാജ്യത്തിലേക്ക് യുദ്ധം നയിക്കാനുള്ള ഒരു അടിത്തറയാണ് അത് പോർച്ചുഗീസുകാർക്ക് നൽകിയത്" (A History of Kerala 1498-80, P 102).

പോർച്ചുഗീസുകാരുടെ ചതിക്ക് പലതവണ ഇരയായിട്ടും ഇത്രയും തന്ത്രപ്രധാനമായ ഒരു കോട്ട കെട്ടാൻ സാമൂതിരി അനുമതി നൽകിയത് അമിത മദ്യസേവയും പ്രായാധിക്യവും കാരണം അദ്ദേഹത്തിന് ബുദ്ധിഭ്രമം സംഭവിച്ചതുകൊണ്ടാണെന്ന് *തുഹ്ഫത്തുൽ മുജാഹിദീനിൽ* ശൈഖ് സൈനുദ്ദീൻ നിരീക്ഷിക്കുന്നുണ്ട്. ഏതായാലും ചാലിയം യുദ്ധമായപ്പോഴേക്കും കോട്ട കെട്ടാൻ അനുമതി നൽകിയ സാമൂതിരി മരണപ്പെടുകയും വിട്ടുവീഴ്ചയില്ലാത്ത അധിനിവേശവിരുദ്ധ നിലപാടുകാരനും ഭരണകാര്യങ്ങളിൽ സമർഥനുമായ അദ്ദേഹത്തിന്റെ അനന്തരവൻ നമ്പ്യാതിരി അധികാരമേറ്റെടുക്കുകയും ചെയ്തിരുന്നു. ഈ സാമൂതിരിയുടെ നേതൃത്വത്തിലാണ് ചാലിയം യുദ്ധം നടന്നത്. നേരത്തേ സൂചിപ്പിച്ച പോലെ ഖാദി മുഹമ്മദിന്റെ പിതാവടക്കമുള്ള മതപണ്ഡിതന്മാരുടെ ധാർമികവും പ്രായോഗികവുമായ പിന്തുണയും ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷായുടെ പ്രേരണയുമാണ് ചാലിയത്തുനിന്ന് പോർച്ചുഗീസുകാരെ തുരത്തുക എന്ന ഉറച്ച നിലപാടിലേക്ക് സാമൂതിരിയെ എത്തിച്ചത്. പിൽക്കാലത്ത് ചില ജസ്യൂട്ട് പാതിരിമാരുടെ ഉപജാപവും കുതന്ത്രവും കാരണം കുഞ്ഞാലി മരക്കാരും സാമൂതിരിയും തമ്മിൽ തെറ്റുകയും കുഞ്ഞാലിക്കെതിരെ പറങ്കികളുമായി സാമൂതിരി സഖ്യം ചെയ്യുകയും ചെയ്തതു മൂലം കേരളതീരത്തെ പോർച്ചുഗീസ് സാന്നിധ്യം കുറച്ചുകാലത്തേക്കു കൂടി നീണ്ടെങ്കിലും ചാലിയം കോട്ടയുടെ പതനം കേരളത്തിലെ പറങ്കി മേൽക്കോയ്മയുടെ അടിത്തറയിളക്കി എന്ന കാര്യത്തിൽ സംശയമില്ല. അതിനാൽ ചാലിയം യുദ്ധവിജയത്തെ ഖാദി മുഹമ്മദ് 'വ്യക്തമായ വിജയ'മായി സ്ഥാനപ്പെടുത്തിയത് അർഥവത്തായിരുന്നുവെന്ന് കാണാൻ പ്രയാസമില്ല.

നിർണായകമായ ഒരു യുദ്ധത്തിൽ മുസ്‌ലിംകളുടെ കൂടെ അവസാനം വരെ ഉറച്ചുനിന്ന സാമൂതിരിയുടെ നിലപാട് മുസ്‌ലിം നാടുകളിൽ പ്രചരിപ്പിക്കുകയും അധിനിവേശശക്തികൾക്കെതിരെ കേരളത്തിലെ രണ്ട് പ്രബല മത സമുദായങ്ങൾ ഐക്യപ്പെട്ടതിന്റെ സദ്ഫലം ഇന്ത്യക്ക് അകത്തും പുറത്തുമുള്ളവരെ ബോധ്യപ്പെടുത്തുകയുമാണ് യുദ്ധകാവ്യത്തിലൂടെ ഖാദി മുഹമ്മദ് പ്രധാനമായും ലക്ഷ്യമിട്ടത്. കൂടാതെ മുസ്‌ലിം

നാടുകൾക്കും ഇസ്‌ലാമിക സമൂഹത്തിനും, മുസ്‌ലിംകൾക്ക് സംരക്ഷണവും സഹായവും നൽകുന്ന അമുസ്‌ലിം അധികാര കേന്ദ്രങ്ങൾക്കും ഒരുപോലെ ഭീഷണിയായിത്തീർന്ന പോർച്ചുഗീസ് കൊളോണിയലിസത്തിനെതിരെ പരസ്പരവൈരം മറന്ന് ഒന്നിച്ച് പൊരുതേണ്ടതിന്റെ ആവശ്യകത മുസ്‌ലിം ഭരണാധികാരികളെ ബോധ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. കേരളത്തിലെ മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷത്തിനും മനസ്സിലാകാത്ത അറബി ഭാഷ കാവ്യരചനക്ക് തെരഞ്ഞെടുത്തത് ഇത്തരമൊരു വിശാല ലക്ഷ്യം കൂടിയുള്ളതുകൊണ്ടാണ്. തന്റെ ഈ കാവ്യരചന ഇബാദത്താണെന്ന് കവിതയുടെ 11-ാമത്തെ വരിയിൽ വ്യക്തമാക്കിയതും അദ്ദേഹത്തിന്റെ ലക്ഷ്യത്തിന്റെ വിശാലതയെയാണ് സൂചിപ്പിക്കുന്നത്. കവിതയെക്കുറിച്ച് അദ്ദേഹത്തിന്റെ സമീപനവും അതിലൂടെ അദ്ദേഹം ഉന്നം വെക്കുന്ന ലക്ഷ്യവും മുസ്‌ലിംകളും സാമൂതിരിയും തമ്മിലുള്ള ബന്ധവും മനസ്സിലാക്കാൻ ഉതകുന്ന *ഫത്ഹുൽ മുബീനി*ലെ 10 മുതൽ 20 വരെയുള്ള വരികളുടെ ആശയം ഇപ്രകാരമാണ്: "പിന്നെ ഗദ്യം പദ്യമാക്കൽ വെള്ളി സ്വർണമാക്കും പോലെയാണ്. വിദ്യാഭ്യാസാവശ്യാർഥമുള്ള കവിതാരചന അല്ലാഹുവിന്റെ അടുക്കൽ ഇബാദത്ത് പോലെയാണ്. രാജാധിരാജനായ അല്ലാഹുവാണ് സത്യം, ഞാൻ ഈ സംഭവത്തിലെ ചില രംഗങ്ങൾ പദ്യമാക്കിയത് ഈ കഥ ഇതര രാജ്യങ്ങളിലെ രാജാക്കന്മാർ അറിയാനാണ്. അത് കേട്ടാൽ ഒരുപക്ഷേ അവർ യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കും. അല്ലെങ്കിൽ അതിൽനിന്ന് അവർ പാഠമുൾക്കൊള്ളും. ഒരുപക്ഷേ ഈ കാവ്യത്തിലെ യുദ്ധവാർത്ത ലോകമാസകലം വ്യാപിക്കും. പ്രത്യേകിച്ച് സിറിയൻ രാജ്യങ്ങളിലും ഇറാഖിലും. ലോകപ്രസിദ്ധനായ സാമൂതിരി രാജാവിന്റെ ധീരത അവരെല്ലാം അറിയട്ടെ. പ്രശസ്തമായ കോഴിക്കോടിന്റെ ഭരണാധികാരിയാണദ്ദേഹം. ദൈവാനുഗ്രഹത്താൽ അത് സമൃദ്ധശക്തിയായി വിളങ്ങുന്നു. അദ്ദേഹം നമ്മുടെ മതമായ ഇസ്‌ലാമിനെ സ്നേഹിക്കുന്നു, മറ്റെല്ലാവരേക്കാളും മുസ്‌ലിംകളെയും. നമ്മുടെ മതത്തിന്റെ സഹായിയും നമ്മുടെ മതനിയമങ്ങൾ നടപ്പിലാക്കുന്നവനുമാണ് അദ്ദേഹം. മാത്രമല്ല ജുമുഅ ഖുത്വ്ബകളിൽ നമ്മുടെ ഖലീഫക്കു വേണ്ടി (ഉസ്മാനി സുൽത്താൻ) പ്രാർഥിക്കാൻ നിഷ്കർഷിക്കുകയും ചെയ്യുന്നു അദ്ദേഹം. മുസ്‌ലിംകൾ മലബാറിലെ ഏതു പ്രദേശത്ത് താമസിക്കുന്നവരായാലും അദ്ദേഹത്തിന്റെ പ്രജകളാണ്. ആഘോഷങ്ങളിൽ അദ്ദേഹത്തിന്റെ വലതുഭാഗത്ത് നിൽക്കാനുള്ള അവകാശം എന്നും മുസ്‌ലിംകൾക്കാണ്" (*ഫത്ഹുൽ മുബീൻ* പരിഭാഷ, പ്രഫ. മങ്കട അബ്ദുൽ അസീസ്).

ഉത്കൃഷ്ടമായ ഒരു സാമൂഹിക ലക്ഷ്യത്തിനു വേണ്ടിയുള്ള കവിതാ രചന ഇബാദത്താണെന്ന ഖാദി മുഹമ്മദിന്റെ നിലപാട് വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ഇബാദത്ത് മതത്തിലെ ചില അനുഷ്ഠാനങ്ങൾ മാത്രമാണെന്ന സങ്കുചിത നിലപാടിനെ നിരാകരിക്കുന്നു അദ്ദേഹം. സാമ്രാജ്യത്വമെന്ന സാമൂഹിക ഭീഷണിയെ ചെറുക്കാനുള്ള പോരാട്ടം മാത്രമല്ല ആ പോരാട്ടത്തെ പ്രചോദിപ്പിക്കുന്ന സാഹിത്യപ്രവർത്തനം പോലും ഇബാദത്താണെന്ന്, അക്ഷരപൂജകരായ പരമ്പരാഗത മതമീമാംസകരുടെ യാതൊരു പങ്കപ്പാടുമില്ലാതെ അദ്ദേഹം വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നു. ഇബാദത്തിനെ ആരാധനയിലേക്ക് സങ്കോചിപ്പിക്കാനായി സമീപകാലത്ത് കേരളത്തിൽ നടത്തപ്പെട്ട പാണ്ഡിത്യ പ്രകടനങ്ങളുടെ നിരർഥകതയെയും അരാഷ്ട്രീയത്തെയും എത്ര മനോഹരമായാണ് 16-ാം നൂറ്റാണ്ടിൽ ജീവിച്ച ഒരു പണ്ഡിതൻ ഒറ്റ വരി കവിതയിലൂടെ നമ്മെ ബോധ്യപ്പെടുത്തുന്നത്!

സാമൂതിരിയും മുസ്‌ലിംകളും തമ്മിലുണ്ടായിരുന്ന ഊഷ്മള ബന്ധത്തെയും അദ്ദേഹത്തിന്റെ കീഴിൽ അക്കാലത്ത് കേരളീയ സാമൂഹിക ജീവിതത്തിൽ മുസ്‌ലിംകൾക്കുണ്ടായിരുന്ന ഉന്നത സ്ഥാനത്തെയും അടയാളപ്പെടുത്തിയതിനു ശേഷം സാമൂതിരി വംശത്തിന്റെ ഉത്ഭവം, അവരുടെ രാജ്യാതിർത്തിയുടെ വികാസം, അവരുടെ ഭരണക്രമം തുടങ്ങിയവയും *ഫത്ഹുൽ മുബീന്റെ* ആദ്യഭാഗത്ത് പരാമർശിക്കപ്പെടുന്നു. പറങ്കികളുടെ നിരന്തരമായ ആക്രമണങ്ങൾക്കിരയായ കേരള മുസ്‌ലിംകളെ രക്ഷിക്കേണ്ട മതബാധ്യതയുണ്ടായിട്ടും പലവിധ കാരണങ്ങളാൽ ഒന്നും ചെയ്യാതെ നിൽക്കുന്ന മുസ്‌ലിം ഭരണാധികാരികളെ നിശിതമായി വിമർശിച്ചുകൊണ്ട് മുസ്‌ലിംകളെ സർവാത്മനാ സഹായിക്കാൻ തയാറായ സാമൂതിരിക്ക് വേണ്ടി പ്രാർഥിക്കാൻ മുസ്‌ലിംകളോടാവശ്യപ്പെടുകയാണ് തുടർന്നുള്ള വരികളിൽ. പ്രസ്തുത വരികൾക്ക് കെ.കെ മുഹമ്മദ് അബ്ദുൽ കരീം നൽകിയ പദ്യ വിവർത്തനം ഇങ്ങനെ വായിക്കാം:

"മുസ്‌ലിംകളായുള്ള രാജാക്കന്മാരാരും
മുസ്‌ലിംകൾക്കായി യുദ്ധം ചെയ്തിടാതെ
കാഫിറുകളോടൊത്ത് സന്ധിബന്ധത്തിലായി
കൈകോർത്ത് കാലം കഴിച്ചിടുമ്പോൾ
ഇസ്‌ലാംമതത്തിനും ഹിന്ദുമതത്തിനും
വേണ്ടിയൊരുപോലെ പോരാടിടും
സാമൂതിരി തൻ യുദ്ധകഥ കേൾപ്പിൻ
സാമൂതിരിക്കായ് സദാ പ്രാർഥിച്ചീടിൻ
ഹിന്ദുവായുള്ളോരീ രാജാവിനെക്കണ്ട്
പാഠം പഠിക്കുവിൻ സുൽത്താന്മാരേ"

(*ഫത്ഹുൽ മുബീൻ* പരിഭാഷ, കെ.കെ മുഹമ്മദ് അബ്ദുൽ കരീം).

ഇതിലെ *ഇസ്‌ലാംമതത്തിനും ഹിന്ദുമതത്തിനും വേണ്ടിയൊരുപോലെ പോരാടിടും, സാമൂതിരി തൻ യുദ്ധകഥ കേൾപ്പിൻ* എന്നീ വരികളിൽ തുടിച്ചുനിൽക്കുന്ന ഉജ്ജ്വലമായ മതമൈത്രിയുടെ സന്ദേശത്തോടൊപ്പം അത് നൽകുന്ന/ നൽകേണ്ട മറ്റൊരു അവബോധം പ്രത്യേകം പഠിക്കപ്പെടേണ്ടതുണ്ട്. വർത്തമാന ഇന്ത്യയിലും കേരളത്തിലുമൊക്കെ നിലനിൽക്കുന്ന/ നിലനിൽക്കേണ്ട സമുദായമൈത്രിയും മതസഹിഷ്ണുതയും രൂപപ്പെടുന്നത് മൂല്യനിരപേക്ഷതയും മതനിരാസവും അടിത്തറയാക്കിയ പാശ്ചാത്യ മതേതരത്വ പരിസരത്തുനിന്നാണെന്ന തെറ്റായ ആധുനിക അവബോധം, പുതിയ കാലത്തിന്റെ കാറ്റേറ്റ് ഒരുപാട് ഇളക്കം തട്ടിയിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ സാംസ്കാരിക ജ്ഞാനമണ്ഡലത്തിൽ സജീവമാണ്. ഇന്ത്യൻ സാമൂഹിക യാഥാർഥ്യങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്നതിനാൽ അകം ശൂന്യമായ ഈ അവബോധത്തിന്റെ കഥയില്ലായ്മകൂടി ബോധ്യപ്പെടുത്തുകയാണ് *ഫത്ഹുൽ മുബീനി*ലെ വരികൾ. ഹിന്ദുവായ സാമൂതിരിയും മുസ്‌ലിംകളും തോളോടുതോൾ ചേർന്ന് പൊതുശത്രുവായ പോർച്ചുഗീസ് അധിനിവേശകരെ നേരിട്ടത് സ്വന്തം മതത്തിന്റെയും സഹോദരമതത്തിന്റെയും സംരക്ഷണത്തിനു വേണ്ടിയായിരുന്നുവെന്ന് വളച്ചുകെട്ടില്ലാതെ പറയുകയാണ് ഖാദി മുഹമ്മദ്. സ്വന്തം മതത്തെ നെഞ്ചിലേറ്റിക്കൊണ്ടുതന്നെ ഇതര മതങ്ങളെയും മതാനുയായികളെയും സ്നേഹിക്കാനും ആദരിക്കാനും പഠിപ്പിക്കുന്ന യഥാർഥ മതകീയമായ ജ്ഞാന പരിസരത്തുനിന്നാണ് ഈ പോരാട്ടങ്ങൾ രൂപം കൊണ്ടത് എന്നാണ് ഇത് വ്യക്തമാക്കുന്നത്. രാഷ്ട്രീയമായ ഏറ്റെടുക്കലിന്റെ ഭാഗമായി ഈ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്കെല്ലാം കൃത്രിമമായ ഒരു മതേതരപരിസരം സൃഷ്ടിച്ചു നൽകുന്ന വിശകലനം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വശം പ്രത്യേകം പഠിക്കപ്പെടേണ്ടതുണ്ട്. ഇന്ത്യയിൽ നിലനിൽക്കുന്ന/ നിലനിൽക്കേണ്ട മതനിരപേക്ഷത രൂപപ്പെട്ട സാംസ്കാരിക പരിസരം മൂല്യനിരപേക്ഷമായ പാശ്ചാത്യ മതേതര ദർശനമല്ലെന്നും മറിച്ച് നൂറ്റാണ്ടുകളിലൂടെ വളർന്നു വികസിച്ച ഇന്ത്യൻ ചരിത്രാനുഭവങ്ങളും ഇവിടത്തെ സാമൂഹിക യാഥാർഥ്യങ്ങളുമാണെന്ന വസ്തുത ബോധ്യപ്പെടാനും കൂടി *ഫത്ഹുൽ മുബീനി*ലെ വരികൾ നമ്മെ സഹായിക്കുന്നു. ഖാദി മുഹമ്മദ്

സൂചിപ്പിച്ച പോർച്ചുഗീസ് അധിനിവേശത്തിനെതിരായ സമരത്തിലൂടെയും പിന്നീട് 1857-ലും 1921-ലുമൊക്കെ ഉണ്ടായ ബ്രിട്ടീഷ്‌വിരുദ്ധ സമരങ്ങളിലൂടെയുമെല്ലാം നാം നേടിയെടുത്ത സമുദായമൈത്രിയിലൂന്നിയ ചരിത്രാനുഭവം തന്നെയാണ് പുതിയ കാലത്തെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളെയും നിർണയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടത്. അല്ലാതെ മൂല്യനിരപേക്ഷത കാരണം ഉള്ള് പൊള്ളയെന്ന് കാലം തെളിയിച്ച പടിഞ്ഞാറൻ മതേതര പരിസരമല്ല.

പോർച്ചുഗീസ് അധിനിവേശത്തിന്റെ വികാസത്തെയും അവർ മുസ്‌ലിംകൾക്കു മേൽ അഴിച്ചുവിട്ട കിരാത നടപടികളെയും കുറിച്ച *ഫത്ഹുൽ മുബീനി*ലെ വിവരണം ഏറക്കുറെ *തുഹ്ഫത്തുൽ മുജാഹിദീനി*ലെ വിവരണത്തിന്റെ ആവർത്തനമാണ്. *തുഹ്ഫത്തുൽ മുജാഹിദീൻ* ഗദ്യമാണെങ്കിൽ *ഫത്ഹുൽ മുബീൻ* പദ്യമാണെന്നേയുള്ളൂ. പക്ഷേ, മുസ്‌ലിം ഭരണാധികാരികളെ വിമർശിക്കുമ്പോൾ ശൈഖ് സൈനുദ്ദീൻ പുലർത്തിയ പക്വതയും സംയമനവും ഖാദി മുഹമ്മദ് പുലർത്തുന്നില്ല. അദ്ദേഹത്തിന്റെ വിമർശനം അങ്ങേയറ്റം രൂക്ഷവും പലപ്പോഴും യാഥാർഥ്യബോധമില്ലായ്മ വ്യക്തമാക്കുന്നതുമാണ്. കവികൾക്ക് സഹജമായ അത്യുക്തിവാസനയായി അതിനെ കണ്ടാൽ മതി. പോർച്ചുഗീസുകാർക്കെതിരെ സാമൂതിരി ഒഴികെ മറ്റൊരു ഭരണാധികാരിയും യാതൊന്നും ചെയ്തിട്ടില്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവന കവിതയിൽ കാണപ്പെടുന്ന അതിശയോക്തിക്ക് തെളിവായി ചൂണ്ടിക്കാട്ടാവുന്നതാണ്. വടക്കേ ആഫ്രിക്കൻ തീരം മുതൽ മലാക്ക കടലിടുക്ക് വരെയുള്ള തീരദേശങ്ങളിലെ മുസ്‌ലിം ഭരണാധികാരികൾ പറങ്കികൾക്കെതിരെ നിരന്തര സമരത്തിലായിരുന്നുവെന്നത് ചരിത്രവസ്തുതയാണ്. ഇന്ത്യയിൽതന്നെ ബീജാപ്പൂരിലെ സുൽത്താന്റെ ശക്തമായ പ്രേരണയും പിന്തുണയും കൊണ്ടാണ് ചാലിയത്തെ പറങ്കിക്കോട്ടക്കെതിരെ യുദ്ധം പ്രഖ്യാപിക്കാൻ സാമൂതിരി ധൈര്യപ്പെട്ടത്. ചാലിയം യുദ്ധാനന്തരം ഒരു വർഷം കഴിഞ്ഞതിനു ശേഷമാണ് ബീജാപ്പൂർ സുൽത്താൻ അലി ആദിൽഷാ പോർച്ചുഗീസുകാരുമായി സന്ധിയിലാകുന്നത്. അതിന് അദ്ദേഹത്തെ നിർബന്ധിതനാക്കിയ സാഹചര്യങ്ങളുമുണ്ടായിരുന്നു. ബീജാപ്പൂർ സുൽത്താന്റെ ഈ നിർബന്ധിതാവസ്ഥ ശൈഖ് സൈനുദ്ദീൻ സത്യസന്ധമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ യാതൊരു നിർബന്ധിതാവസ്ഥയോ കാരണമോ ഇല്ലാതെയാണ് ആദിൽ ഷാ ശത്രുക്കളുമായി സന്ധിചെയ്തതെന്നു പറഞ്ഞ് ഖാദി മുഹമ്മദ് ഇത് കടുത്ത വഞ്ചനയും വാഗ്ദത്ത ലംഘനവുമായാണ് *ഫത്ഹുൽ മുബീനി*ൽ ചിത്രീകരിക്കുന്നത്. ശൈഖ് സൈനുദ്ദീനെ പോലെ ധാരാളം യാത്രാനുഭവമുള്ള ഒരു ചരിത്രകാരന്റെ വസ്തുനിഷ്ഠ ജാഗ്രതയോ ആത്മസംയമനമോ കേരളം വിട്ട് മറ്റെവിടെയും പോയതായി തെളിയിക്കപ്പെടാത്ത ഒരു കവിയിൽനിന്ന് പ്രതീക്ഷിക്കേണ്ടതില്ല എന്നാണ്, സാമൂതിരി ഒഴികെ മറ്റാരാളും പറങ്കികൾക്കെതിരെ യാതൊന്നും ചെയ്തില്ലെന്ന *ഫത്ഹുൽ മുബീനി*ലെ സാമാന്യവത്കരണത്തിൽനിന്ന് നാം മനസ്സിലാക്കേണ്ടത്.

സാമൂതിരിയുടെ സകല ഐശ്വര്യങ്ങൾക്കും, മുസ്‌ലിംകൾക്കു വേണ്ടി പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യാൻ അദ്ദേഹത്തിന് നിയോഗമുണ്ടായതിനും കാരണം സാമൂതിരിയുടെ അമ്മാവൻ ചേരമാൻ പെരുമാൾ മക്കയിൽ പോയി ഇസ്‌ലാം സ്വീകരിച്ചതാണെന്ന നിരീക്ഷണത്തോടെയാണ് *ഫത്ഹുൽ മുബീൻ* അവസാനിക്കുന്നത്. സാമൂതിരിയുടെ ഐശ്വര്യത്തിനു കാരണം മുസ്‌ലിംകളാണെന്ന് ശൈഖ് സൈനുദ്ദീനും നിരീക്ഷിച്ചിട്ടുണ്ട്. ചാലിയം കോട്ടക്കെതിരെയുള്ള യുദ്ധാസൂത്രണത്തിന്റെയും യുദ്ധനടപടികളുടെയും ദൃക്സാക്ഷി വിവരണമാണെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ വിശദമായ അവതരണമാണ് ഒരു ചരിത്രമെന്ന നിലയിൽ *ഫത്ഹുൽ മുബീനെ തുഹ്ഫത്തുൽ മുജാഹിദീനി*ൽനിന്ന് വേർതിരിക്കുന്ന പ്രധാന ഘടകം. *തുഹ്ഫത്തുൽ മുജാഹിദീനിൽ* ചാലിയം യുദ്ധത്തെക്കുറിച്ച് പൊതുവായ പരാമർശം മാത്രമേ ഉള്ളൂ. അതുപോലെ, കേരളത്തിലെ ഒരു ഹിന്ദു രാജാവ് മക്കയിൽ പോയതും തുടർന്ന് കേരളത്തിൽ ഇസ്‌ലാം പ്രചാരണം ആരംഭിച്ചതും പ്രവാചകന്റെ ജീവിതകാലത്തു തന്നെയാണെന്ന പരമ്പരാഗത ധാരണയാണ് ഖാദി മുഹമ്മദിനുള്ളത്. എന്നാൽ ശൈഖ് സൈനുദ്ദീൻ ഈ ധാരണയെ തള്ളിക്കളയുകയാണ്. അത് രണ്ടും സംഭവിച്ചത് ഹിജ്റ മൂന്നാം നൂറ്റാണ്ടിലാണെന്നാണ് ശൈഖ് സൈനുദ്ദീന്റെ നിഗമനം.

ഏതായാലും ഒരു വൈദേശികശക്തിയുടെ കടന്നാക്രമണം മൂലം കേരളസമൂഹം ഒന്നടങ്കം പ്രതിസന്ധിയിലായ ചരിത്രഘട്ടത്തിൽ അതിനെ ചെറുത്തുതോൽപിക്കാൻ പ്രധാന ശക്തിസ്രോതസ്സായിത്തീർന്ന ഇവിടത്തെ രണ്ട് പ്രബല സമുദായങ്ങൾക്കിടയിൽ രൂപപ്പെട്ട മൈത്രിയെ എക്കാലത്തേക്കുമുള്ള മാതൃകയെന്നോണം കൊണ്ടാടുന്നുവെന്നതാണ് *ഫത്ഹുൽ മുബീന്റെ* ഏറ്റവും വലിയ പ്രസക്തി.

### മുഹ്‌യിദ്ദീൻ മാല

*ഫത്ഹുൽ മുബീൻ* കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഒരു ശ്രദ്ധേയ രചന അറബിമലയാളത്തിലെഴുതിയ *മുഹ്‌യിദ്ദീൻ മാല*യാണ്. പ്രമുഖ സൂഫി ആചാര്യൻ ശൈഖ് അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങൾ വാഴ്ത്തുന്ന ഈ കാവ്യം അറബിമലയാളത്തിലെ ആദ്യരചനയാണെന്നാണ് പറയപ്പെടുന്നത്. 'തുഞ്ചത്ത് എഴുത്തച്ഛൻ സംസ്കൃതവും മലയാളവും ഉചിതമായി തന്റെ കൃതികളിൽ സംയോജിപ്പിച്ച് കേരളത്തിന്റെ ഭാഷാസംസ്കാരത്തെ പരിപോഷിപ്പിച്ച കാലത്തു തന്നെയാണ് കോഴിക്കോട് ഖാദി അറബിയും മലയാളവും സുന്ദരമായി സമന്വയിപ്പിച്ച് പ്രശസ്തമായ *മുഹ്‌യിദ്ദീൻ മാല* രചിച്ചത്' എന്ന ചരിത്രകാരനായ എം. ഗംഗാധരന്റെ നിരീക്ഷണം *മുഹ്‌യിദ്ദീൻ മാല*യുടെ ഭാഷാപരവും സാഹിതീയവും സാംസ്കാരികവുമായ പ്രാധാന്യമാണ് അടയാളപ്പെടുത്തുന്നത്. എന്നാൽ ഒരു സാഹിത്യകൃതി എന്ന നിലയിലുള്ള മാലയുടെ പ്രാധാന്യം അംഗീകരിച്ചുകൊണ്ടുതന്നെ, അതിന്റെ ഉള്ളടക്കത്തിലെ ചില കാര്യങ്ങൾ, ശിർക്ക്നിരാസവും അല്ലാഹുവിന്റെ ഏകത്വവും അടിത്തറയായ ഇസ്‌ലാമിന്റെ ആത്മാവിനോട് നീതി പുലർത്തുന്നതല്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഖാദി മുഹമ്മദിന്റെ കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തോടും അദ്ദേഹത്തിന്റെ സർഗവൈഭവത്തോടുമുള്ള ആഭിമുഖ്യവും മതിപ്പും തടസ്സമായിക്കൂടാ. തങ്ങൾക്ക് ഭക്തിയും ബഹുമാനവുമുള്ള ഒരാളെ വാഴ്ത്തുമ്പോൾ സാധാരണയായി കവികളെ പിടികൂടാറുള്ള അതിഭാവുകത്വവും അതിശയോക്തിയും തന്നെയാണ് ജീലാനിയെ വാഴ്ത്തുമ്പോൾ *മുഹ്‌യിദ്ദീൻ മാല*യുടെ കർത്താവിനും സംഭവിച്ചത് (*ഫത്ഹുൽ മുബീനിൽ* സാമൂതിരിയെ വാഴ്ത്തുമ്പോഴും ഇതേ പ്രശ്നം ഖാദി മുഹമ്മദിനെ പിടികൂടുന്നുണ്ട്). പ്രവാചകന്മാർക്ക് പോലും പ്രാപിക്കാൻ കഴിയാത്ത, എന്തിനേറെ അല്ലാഹുവിന് മാത്രമുള്ള പല കഴിവുകളും ആർജിച്ച അതിമാനുഷനായാണ് *മുഹ്‌യിദ്ദീൻ മാല* അബ്ദുൽ ഖാദിർ ജീലാനിയെ സങ്കൽപിക്കുന്നത്! പലതരം സൂഫീ ത്വരീഖത്തുകളിലായി വിഭജിക്കപ്പെട്ടിരുന്ന കേരള മുസ്‌ലിംകളെ ഖാദിരിയ്യാ ത്വരീഖത്തിൽ ഏകീകരിക്കലായിരുന്നു മാലയുടെ രചനോദ്ദേശ്യമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പറങ്കി അധിനിവേശത്തിനെതിരെ പൊരുതാൻ മുസ്‌ലിംകൾക്കിടയിലെ ഐക്യം ഏറ്റവും ആവശ്യമായതിനാൽ, ഈ നിരീക്ഷണത്തിൽ വല്ല വസ്തുതയുമുണ്ടെങ്കിൽ മാലയുടെ രചനയിൽ രാഷ്ട്രീയവുമുണ്ട് എന്ന് കരുതേണ്ടിവരും. അങ്ങനെയാണെങ്കിൽപോലും മനുഷ്യനായ ജീലാനിയിൽ ദൈവികാംശം ആരോപിക്കുന്ന ഭാവന ന്യായീകരിക്കപ്പെടാവതല്ല. *മുഹ്‌യിദ്ദീൻ മാല*യെ കവിഭാവനയായികണ്ട് അതിലെ സാഹിത്യാംശമാണ് കൊണ്ടാട

പ്പെട്ടിരുന്നതെങ്കിൽ അത് മനസ്സിലാക്കാമായിരുന്നു. എന്നാൽ, അതിനു പകരം ജീർണതയുടെയും അന്ധവിശ്വാസത്തിന്റെയും ഉപാസകരായ പുരോഹിതന്മാരുടെ അംഗീകാരത്തോടെയും പ്രേരണയോടെയും *മുഹ്‌യിദ്ദീൻ മാല*യുടെ ഉള്ളടക്കം മുസ്‌ലിം സമൂഹത്തിന്റെ വിശ്വാസത്തെയും അനുഷ്ഠാനങ്ങളെയും നിർണയിക്കുന്ന പ്രമാണമായി പിൽക്കാലത്ത് സ്വീകരിക്കപ്പെട്ടതാണ് ദുരന്തമായിത്തീർന്നത്. അത് മുസ്‌ലിംസമൂഹത്തിന്റെ വിശ്വാസാചാരങ്ങളിൽ വിതച്ച കെടുതികളിൽ മനം നൊന്ത ചില പിൽക്കാല പരിഷ്കർത്താക്കൾ മാലക്കെതിരെ ശബ്ദിച്ചത് കാവ്യസംസ്കാരമോ മാലയുടെ സാഹിത്യഭംഗിയോ തിരിയാത്തതുകൊണ്ടായിരുന്നില്ല, മറിച്ച് മാല പ്രമാണമായി സ്വീകരിക്കപ്പെട്ട സാംസ്കാരിക പരിസരത്ത് ഇസ്‌ലാമിന്റെ അടിയാധാരമായ തൗഹീദ് ധൂളിയായി മാറിയ അനുഭവമുള്ളതുകൊണ്ടാണ്. അതേസമയം, ഖാദി മുഹമ്മദിന്റെ സാമ്രാജ്യത്വവിരുദ്ധ നിലപാടുകളിൽനിന്നും ഇടപെടലുകളിൽനിന്നും ഊർജം സ്വീകരിക്കാനോ അതിന്റെ പ്രാധാന്യം അടയാളപ്പെടുത്താനോ അപകടകരമായ ഭാവനകളുള്ള ഒരു കാവ്യസൃഷ്ടി അദ്ദേഹം നടത്തി എന്നത് തടസ്സമാകേണ്ടതില്ല.

സഹോദരന്റെ മരണശേഷം ഹി. 1016/ക്രി.വ. 1607-ലാണ് കോഴിക്കോട് ഖാദിയായി അദ്ദേഹം അവരോധിക്കപ്പെടുന്നത്. 1025/1616-ൽ മരണപ്പെടുകയും ചെയ്തു. കോഴിക്കോട് മിശ്കാൽ പള്ളി ഖബ്റിസ്ഥാനിലാണ് ഖാദി മുഹമ്മദ് സംസ്കരിക്കപ്പെട്ടത്. ■

ktmhussain@yahoo.co.in